# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5928 04/11/2016- ൽ മറുപടിക്ക്**

## ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ പ്രൊമോഷൻ തസ്തിക

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻ കുട്ടി | | മറുപടി<br>പ്രൊഫസർ .സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ പ്രൊമോഷൻ തസ്തികകളായ ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നിവയിലേക്ക് മറ്റ് ഇതര വകുപ്പുകളിലേതുപോലെ പ്രൊമോഷൻ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ഹയർ സെക്കന്ററി വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക് പ്ലെയിസ്മെന്റ് നൽകിയാണ് ഡെപ്യൂട്ടി ഡയറക്ടർ തസ്തിക നിലവിൽ നികത്തി വരുന്നത്. ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ നൽകിയുമാണ് നികത്തുന്നത്. അഡീഷണൽ ഡയറക്ടർ തസ്തിക നിലവിലില്ല. ടി തസ്തികകൾ പ്രൊമോഷൻ വഴി നികത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല |
| (ബി) | ഹയർ സെക്കന്ററി സ്കൂളുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് മേഖലാ ഓഫീസുകൾക്ക് പകരം ജില്ലാതല ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല |
| (സി) | സംസ്ഥാനത്ത് 300-ൽ അധികം ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാരുടെ ഒഴിവുണ്ടായിട്ടും നിയമനം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഗവ.ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള തർക്കം കോടതിയുടെ പരിഗണനയിൽ ആയതിനാൽ അന്തിമ കോടതിവിധിയ്ക്കു ശേഷമേ പ്രിൻസിപ്പൽമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ